# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6108** — **07.11.2016 - ൽ മറുപടിക്ക്**

## പച്ചക്കറി തൈ വിതരണകേന്ദ്രങ്ങൾ

**ചോദ്യം**
**ശ്രീ. കെ. വി. വിജയദാസ്**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| **എ)** പച്ചക്കറികളുടെ നല്ലയിനം തൈകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | **എ)** എറണാകുളത്ത് കാക്കനാടുള്ള കൗൺസിൽ ആസ്ഥാനം, തിരുവനന്തപുരം, കാസർഗോഡ് എന്നിവിടങ്ങളിലെ 'കൃഷി ബിസിനസ്സ് കേന്ദ്ര'ങ്ങൾ, പാലക്കാട് ജില്ലയിലെ ആലത്തൂരിൽ സീഡ് പ്രോസസ്സിംഗ് പ്ലാന്റ്, എല്ലാ ജില്ലകളിലെയും സ്വാശ്രയ സംഘങ്ങൾ എന്നിവ മുഖേന ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.<br>ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ആവശ്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി ഒരു ഹൈടെക് നഴ്സറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എറണാകുളം ജില്ലയിലെ നടുക്കരയിൽ പൂർത്തിയായി വരുന്നു. പ്രതിവർഷം 2 കോടി തൈകൾ ഈ കേന്ദ്രത്തിൽ ഉല്പാദിപ്പിക്കാവുന്നതാണ്. |
| **ബി)** ജില്ല തിരിച്ചുള്ള തൈ വിതരണ കേന്ദ്രങ്ങളുടെ വിശദവിവരം നൽകുമോ: | **ബി)** ജില്ല തിരിച്ചുള്ള തൈ വിതരണ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. ആലത്തൂർ സീഡ് പ്രോസസ്സിങ് പ്ലാന്റ്<br>2. കെ.ബി.കെ, കാക്കനാട്, എറണാകുളം<br>3. കെ.ബി.കെ, കാസർഗോഡ്<br>4. കെ.ബി.കെ, തിരുവനന്തപുരം<br>കൂടാതെ താഴെ പറയുന്ന ജില്ലാ പരിശീലന കേന്ദ്രങ്ങൾ വഴിയും ആവശ്യാനുസരണം തൈ വിതരണം ചെയ്യുന്നുണ്ട്:-<br>1. തിരുവനന്തപുരം<br>2. കൊല്ലം<br>3. കോട്ടയം<br>4. പത്തനംതിട്ട<br>5. ആലപ്പുഴ<br>6. ഇടുക്കി<br>7. എറണാകുളം<br>8. തൃശ്ശൂർ<br>9. പാലക്കാട് |

10. മലപ്പുറം
11. കോഴിക്കോട്
12. വയനാട്
13. കണ്ണൂർ
14. കാസർഗോഡ്

**സി)** നല്ലയിനം തൈകൾ ജനങ്ങളിലെത്തിയ്ക്കുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നത് വിശദമാക്കാമോ?

**സി)** സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വെജിറ്റബിൾ ഇനിഷിയേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി പ്രകാരം തൈയുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളക്ക് (വി.എഫ്.പി.സി.കെ.) ധനസഹായം നൽകിയിട്ടുണ്ട്. തക്കാളി. വഴുതന, മുളക്, പാവൽ, പടവലം. വെണ്ട, ക്യാബേജ്. ക്വോളിഫ്ളവർ, ക്യാപ്സിക്കം തുടങ്ങിയ പച്ചക്കറികളുടെ ഗുണനിലവാരമുള്ള തൈകളും ദീർഘകാല വിളകളായ കറിവേപ്പില, കോവൽ, മുരിങ്ങ തുടങ്ങിയവയുടെ നടീൽ വസ്തുക്കളും വി.എഫ്.പി.സി.കെ. വഴി പൊതുജനങ്ങൾക്ക് വിതരണം ചെയ്തു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**